7317
10/12/18

കേരള സർക്കാർ

## സംഗ്രഹം

നിലമ്പൂർ നോർത്ത് ഡിവിഷൻ - വഴിക്കടവ് റെയിഞ്ച് - നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലെ ക്രമക്കേട് - ശ്രീ.അനീഷ് എസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 448/2018/വനം തിരുവനന്തപുരം, തീയതി 10.10.2018

---

പരാമർശം:-
1. 04.02.2017-ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ E8(QV6/16/MPM/FOREST)35757/16 നമ്പർ കത്ത്
2. 17.02.2017-ലെ വിജിലൻസ് വകുപ്പിന്റെ 1667/ഇ 4/17/വിജിലൻസ് നമ്പർ കത്ത്
3. 17.06.2017-ലെ FWLD-A1/17/2017-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
4. 31.08.2017 തീയതിയായി ശ്രീ.എസ്.അനീഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക
5. 21.07.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-18537/17 നമ്പർ കത്ത്

## ഉത്തരവ്

നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽ സ്വകാര്യ ഭൂമിയ്ക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ക്വിക്ക് വെരിഫിക്കേഷൻ നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ, ശ്രീ.അബ്ദുള്ള, കാപ്പിൽ ഹൗസ്, വഴിക്കടവ്, നിലമ്പൂർ എന്നയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ മേൽനോട്ട വീഴ്ച സംഭവിച്ചതിന് ശ്രീ.എസ്.അനീഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്തിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രവും/കുറ്റാരോപണപത്രികയും നൽകി ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചു.

(i) He had made supervisory lapse in not issuing proper No Objection Certificate to Sri.Abdulla, Kappil House, Marutha, Vazhikkadavu, Nilambur to get a loan from Gramin Bank, though the applicant was entitled for the same.

(ii) He committed grave dereliction of duty.

2) ശ്രീ.അനീഷ് എസ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയും അതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അഭിപ്രായവും വിശദമായി പരിശോധിച്ചു.

3) എടവണ്ണ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.എസ്.അനീഷ്, 31.05.2016-നാണ് വഴിക്കടവ് റെയിഞ്ചിന്റെ അഡീഷണൽ ചാർജ് ഏറ്റെടുക്കുന്നത്. നോ ഒബ്ജക്ഷൻ

സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 08.06.2016-ന് വഴിക്കടവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ലഭിക്കുകയും ഫീൽഡ് പരിശോധന നടത്തി പോത്തുകൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 09.06.2016-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത ഇല്ലാത്തതിനാൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനു വേണ്ടി സമർപ്പിച്ച അപേക്ഷയിൽ പ്രതിപാദിക്കുന്ന സ്ഥലത്തിന്റെ സമീപത്തുള്ള വനാതിർത്തിയിൽ ജണ്ടകളോ സർവ്വെ കല്ലുകളോ ഇല്ലാത്തതിനാൽ 14.06.2016-ന് ഡിവിഷൻ സർവ്വെയറുടെ സേവനം ആവശ്യപ്പെടുകയും, ഡിവിഷൻ സർവ്വേയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 07.07.2016-ന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

4) വഴിക്കടവ് റെയിഞ്ചിന്റെ അധികച്ചുമതലയുണ്ടായിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അനീഷ്.എസ്, പരാതിക്കാരനായ അപേക്ഷകന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ടിയാന്റെ ഭാഗത്തുനിന്നും മന:പൂർവ്വമായ കാലതാമസം വന്നിട്ടില്ലായെന്ന് ബോധ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ശ്രീ.എസ്.അനീഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്.അനീഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

വിജിലൻസ് (ഇ) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ